# നീര ചെത്താൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

സ്വന്തം ലേഖകൻ

വടകര: നീര ചെത്താൻ തൊഴിലാളികളെ കിട്ടാതായതോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആളുകളെ നിയമിക്കുന്നു. നീരയുൽപ്പാദനം ലക്ഷ്യമിട്ട് കർഷകർ നാളികേര ഉൽപ്പാദക സംഘവും ഫെഡറേഷനുകളും രൂപീകരിച്ച് പലയിടങ്ങളിലും നീര ചെത്ത് പരിശീലനം നടത്തിയെങ്കിലും മതിയായ ടെക്നീഷ്യൻമാരില്ലാത്തത് വിനയായി. ഒരു നാളികേര ഫെഡറേഷന് കീഴിൽ 1500 തെങ്ങ് ചെത്താൻ അനുമതിയുണ്ട്. പത്ത് തെങ്ങിന് ഒരാൾ വച്ച് 150 പേർ വേണം. നീര ടെക്നീഷ്യൻമാരെ പരിശീലിപ്പിക്കാനും തീരുമാനമായി. 15,000 മുതൽ 20,000 രൂപവരെ ശമ്പളവും നീരയുടെ ലഭ്യതക്കനുസരിച്ച് മറ്റു ആനുകൂല്യങ്ങളും നാളികേര ബോർഡും ഫെഡറേഷനുകളും വാഗ്ദാനം ചെയ്തെങ്കിലും പലയിടങ്ങളിലും പരിശീലനത്തിന് ആളെക്കിട്ടിയില്ല.

ഈ സാഹചര്യത്തിലാണ് പുതുപ്പണത്തെ കടത്തനാട് നാളികേര ഫെഡറേഷൻ ഒരുമാസം മുമ്പ് വടകര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ സമീപിച്ചത്. തെങ്ങുകയറാനുള്ള ആരോഗ്യം, എഴുതാനും വായിക്കാനുമുള്ള അറിവ്, 45 വയസ്സ് പ്രായം എന്നിവയാണ് ഫെഡറേഷൻ ഭാരവാഹികൾ ഉദ്യോഗാർഥികൾക്ക് നൽകിയ യോഗ്യത. ഇതോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അധികൃതർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെട്ടു. ഇവിടെയും പച്ചക്കൊടി. പ്രദേശത്തുകാരെതന്നെ വേണമെന്നതിനാൽ കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെയും ഇതിൽ പങ്കുചേർത്തു. വടകരയിൽനിന്ന് ഒരാൾക്ക് ആറുപേർ കൊയിലാണ്ടിയിൽനിന്ന് ഒരാൾക്ക് മൂന്നുപേർ എന്ന അനുപാതത്തിലുള്ള ലിസ്റ്റ് ജില്ലാ എക്സ്ചേഞ്ചിന് കൈമാറി. ഇവർ കത്തയച്ചതോടെ വടകരയിലും മറ്റും വിവരങ്ങൾ തേടി ഉദ്യോഗാർഥികൾ എത്തിത്തുടങ്ങി.

അടുത്ത ശനിയാഴ്ച ചീനം വീട് യുപി സ്കൂളിൽ പരിശീലനത്തിന് തയാറായി എത്തുന്നവരെ ഇന്റർവ്യൂ ചെയ്യാൻ തയാറെടുക്കുകയാണ് ഫെഡറേഷൻ ഭാരവാഹികൾ.